**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1584** **31-08-2022 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിൽ നെൽകൃഷി വർദ്ധിപ്പിക്കുന്നതിന് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിലെ നെൽകൃഷി വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | 2021-22 വർഷത്തിൽ നെൽകൃഷി വികസന പദ്ധതിയിലെ വിവിധ ഘടകങ്ങൾ നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ **അനുബന്ധം** ആയി ചേർക്കുന്നു.<br><br>പാടശേഖരങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി ചേളന്നൂർ പഞ്ചായത്തിലെ പാടശേഖരത്തിൽ ട്രാക്ടർ റാമ്പ് നിർമ്മിക്കുന്നതിനായി 50,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിലൂടെ 5 ഹെക്ടർ സ്ഥലത്ത് ഈ വർഷം അധികമായി കൃഷിയിറക്കി.<br><br>നെല്ലുല്പാദക ബോണസ് ഇനത്തിൽ 6,19,688/- രൂപ 620 ഹെക്ടർ നെൽകൃഷി ചെയ്തതിലേക്കായി 2417 ഗുണഭോക്താക്കൾ ക്കായി നൽകിയിട്ടുണ്ട്.<br><br>നെൽ കർഷക ഉടമകൾക്ക് റോയൽറ്റി ഇനത്തിൽ ഹെക്ടറിന് 2,000/- രൂപ നിരക്കിൽ 364 ഗുണഭോക്താക്കൾക്കായി 1,77,040/- രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>നെൽ വയലിലെ അമ്ലത്വം കുറയ്ക്കുന്നതിനായി 500 ഹെക്ടർ സ്ഥലത്ത് സബ്സിഡി നിരക്കിൽ കുമ്മായ വസ്തുക്കൾ 25 ലക്ഷം രൂപ ചെലവഴിച്ച് 12 ബ്ലോക്കുകളിലേയ്ക്ക് നൽകിയിട്ടുണ്ട്.<br><br>**തദ്ദേശ സ്വയംഭരണ പദ്ധതികൾ**<br><br>1. ജില്ലാ പഞ്ചായത്തിന്റെ പലിശരഹിത ജില്ലാ പദ്ധതിയായ 'കതിരണി' -യിലൂടെ 140 ഹെക്ടർ നിലം കൃഷിയോഗ്യമാക്കി. ആധുനിക മെഷിനറികൾ ഉപയോഗിച്ച് ചങ്ങരോത്ത്, തിക്കോടി, മേപ്പയൂർ പഞ്ചായത്തുകളിലെ 140 ഹെക്ടർ നെൽവയൽ 48,44,266/- രൂപ ചെലവിട്ട് പുന:സ്ഥാപിച്ചത്. ഇതിൽ 80 ഏക്കർ നിലത്ത് കഴിഞ്ഞ വർഷം |

| | | | |
|---|---|---|---|
| | | | കൃഷിയിറക്കി. ബാക്കി നിലങ്ങളിൽ ഈ വർഷം കൃഷിയിറക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>2. നെൽകൃഷി കൂലിച്ചെലവിനത്തിൽ 1468.665 ഹെക്ടർ കൃഷി ചെയ്യുതിനായി 2,49,67,305/- രൂപ 5345 ഗുണഭോക്താക്കൾക്കായി ചെലവഴിച്ചിട്ടുണ്ട്.<br><br>2022-23 വർഷത്തിൽ സുസ്ഥിര നെൽകൃഷി വികസനം 950 ഹെക്ടറിലും കരനെൽകൃഷി 140 ഹെക്ടറിലും തരിശ് നെൽകൃഷി 60 ഹെക്ടറിലും നടപ്പിലാക്കുന്നതിന്റെ പ്രവർത്തനം പുരോഗമിച്ചു വരുന്നു. പാടശേഖര സമിതികൾക്കുള്ള പ്രവർത്തനച്ചെലവിനുള്ള ആനുകൂല്യവും 1225 ഹെക്ടറിലേക്ക് ഈ വർഷം ലഭ്യമാണ്. |
| (ബി) | കോഴിക്കോട് ജില്ലയിൽ നിലവിൽ നെൽകൃഷിക്ക് അനുയോജ്യമായ എത്ര ഹെക്ടർ ഭൂമി തരിശായി കിടക്കുന്നുണ്ട്; അത്തരം ഭൂമിയിൽ നെൽകൃഷി ചെയ്യുന്നതിനായി സർക്കാർ - അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ സഹായത്തോടെ ഒരു പദ്ധതി തയ്യാറാക്കാൻ തയ്യാറാകുമോ; വിശദമാക്കുമോ? | (ബി) | കോഴിക്കോട് ജില്ലയിൽ നിലവിൽ 1179.56 ഹെക്ടർ തരിശുനിലം കൃഷിയോഗ്യമാക്കാൻ ബാക്കിയുണ്ട്. അതിനായി ജില്ലാപഞ്ചായത്ത് **കതിരണി തരിശു രഹിത ജില്ല** എന്ന പേരിൽ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുമായി ചേർന്ന് സംയുക്ത പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. കേരളാ സ്റ്റേറ്റ് അഗ്രിക്കൾച്ചർ മെക്കനൈസേഷൻ മിഷന്റെ സഹായത്തോടെ തരിശ് നിലം കൃഷി യോഗ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ, കൃഷി വകുപ്പിന്റെ നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 60 ഹെക്ടർ തരിശ് നെൽകൃഷി നടപ്പിലാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## 2021-22 വർഷത്തിൽ നെൽകൃഷി വികസന പദ്ധതിയിലെ വിവിധ ഘടകങ്ങൾ

| ക്രമ നം. | പദ്ധതിയുടെ പേര് | വിസ്തീർണ്ണം (ഹെ) | ചെലവഴിച്ച തുക (രൂപ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 1 | 267 പാടശേഖരങ്ങൾക്കായി സുസ്ഥിര നെൽകൃഷി വികസന പദ്ധതി | 1155.3 | 6354241 | 4958 |
| 2 | കരനെൽ കൃഷി | 125.25 | 1703400 | 944 |
| 3 | 'ഒരുപ്പൂ ഇരുപ്പൂ ' നെൽകൃഷി | 5 | 50000 | 20 |
| 4 | തരിശുനിലകൃഷി | 33 | 1317600 | 344 |
| 5 | പ്രത്യേക നെല്ലിനങ്ങളുടെ കൃഷി | 1.5748 | 15748 | 12 |
| 6 | പാടശേഖരങ്ങൾക്ക് ഓപ്പറേഷണൽ സപ്പോർട്ട് | 1800 | 648000 | 302 |
| 7 | നെൽകൃഷി വികസന ഏജൻസിയുടെ (KADS) സഹായത്തോടെ കൈപ്പാട്ടു നിലങ്ങളിൽ കാടും കളയും നീക്കം ചെയ്ത് കൃഷിയോഗ്യമാക്കിയതിന് (എലത്തൂർ, അത്തോളി, കൊയിലാണ്ടി പഞ്ചായത്തുകൾ) (Note: ഈ വർഷം കൃഷിയിറക്കിയിട്ടുണ്ട്) | 4 | 300000 | 5 |
| 8 | പരമ്പരാഗത ജൈവവൈവിധ്യ നെല്ലിനങ്ങളുടെ പ്രോത്സാഹനവും സംരക്ഷണവും | 2.3968 | 23968 | 58 |